പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1347

30/01/2018-ൽ മറുപടിയ്ക്ക്

## മങ്കട ഗവ.ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ. ടി.എ.അഹമ്മദ് കബീർ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) മങ്കട ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിടം നിർമ്മിക്കുന്നതിന്റെ (ആസ്തി വികസന ഫണ്ട് ഉപയോഗിച്ച്) പുരോഗതി വ്യക്തമാക്കാമോ ; | (എ) | ബഹു.മങ്കട എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന മങ്കട ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന്റെ 45% Block work-ഉം 80% Structural work-ഉം KITCO പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) ടി കെട്ടിടം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ;<br><br>(സി) പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് "കിറ്റ്കോ" ബില്ലുകൾ മാറി തുക കൈമാറുന്നതിന് കാലതാമസം നേരിട്ടത് വിദ്യാഭ്യാസ (കോളേജ് വിദ്യാഭ്യാസം) വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (ബി)<br>&<br>(സി) | ഉണ്ട്. കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളത് 2014-ൽ ആണ്. ആ വർഷം നിലവിലുണ്ടായിരുന്ന രീതി സംസ്ഥാന സീനിയോറിറ്റി പ്രകാരം ബില്ല് മാറി നൽകുന്ന രീതിയാണ്. ഭരണാനുമതി പുറപ്പെടുവിച്ച പ്രവൃത്തി ആരംഭിച്ച് ആദ്യത്തെ ബില്ലും മാറിയതിനു ശേഷം ഭരണാനുമതി ഉത്തരവ് ഭേദഗതി വരുത്തി 05/06/2015-ലെ സ.ഉ.(അ)നമ്പർ 213/15/ധന ഉത്തരവിനനുസരിച്ച് ബില്ല് മാറി നൽകുന്നത് പ്രായോഗികമല്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തിയുടെ മുഴുവൻ ബില്ലുകളും സംസ്ഥാന സീനിയോറിറ്റിയിൽ ഉൾപ്പെടുത്തി മാത്രമേ മാറ്റി നല്കുവാൻ സാധിക്കുകയുള്ളൂ. |
| (ഡി) കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | (ഡി) | കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ